## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5527

27.03.18 - ൽ മറുപടിക്ക്.

### കുടുംബശ്രീ ആരംഭിച്ച സംരംഭങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ കുടുംബശ്രീ ആരംഭിച്ച സംരംഭങ്ങൾ എന്തെല്ലാമാണെന്നും ആയതിന്റെ ഭാഗമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ 3720 സംരംഭങ്ങൾ കുടുംബശ്രീ വഴി ആരംഭിച്ചിട്ടുണ്ട്. അതിൽ ക്യാന്റീൻ/കാറ്ററിംഗ്/ഹോട്ടൽ യൂണിറ്റുകൾ, ടെക്സ്റ്റൈൽ/സ്റ്റിച്ചിംഗ് യൂണിറ്റുകൾ, പൊടി മില്ലുകൾ, കറിപൗഡർ യൂണിറ്റുകൾ, ന്യൂട്രിമിക്സ് യൂണിറ്റുകൾ, കിടക്ക/തലയിണ/ഫ്ളോർ മാറ്റ് യൂണിറ്റുകൾ, ഐ.റ്റി യൂണിറ്റുകൾ, സോപ്പ് ഉൽപ്പാദന യൂണിറ്റുകൾ, അച്ചാർ യൂണിറ്റുകൾ, ജൂവലറി നിർമ്മാണ യൂണിറ്റുകൾ, മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ, ആയുർവേദ ഉൽപ്പന്ന യൂണിറ്റുകൾ, പേപ്പർ/തുണിബാഗ് യൂണിറ്റുകൾ എന്നിവ കൂടാതെ ഇ-സേവ കേന്ദ്രങ്ങൾ, കൺസ്ട്രക്ഷൻ യൂണിറ്റുകൾ, എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റുകൾ, ക്ലിനിക്കൽ ലാബുകൾ, മൊബൈൽ ക്രിമറ്റോറിയം, മാട്രിമോണിയൽ സർവ്വീസ്, കമ്പ്യൂട്ടർ സെന്റർ, സാന്ത്വന യൂണിറ്റുകൾ, ഇലക്ട്രോണിക് യൂണിറ്റുകൾ, വർക്ക്ഷോപ്പ്, വെൽഡിംഗ് യൂണിറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇതുവഴി 11,500-ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിൽ ഒരു കുടുംബത്തിൽ നിന്നും ഒരു വനിത എന്ന നിലവിലുള്ള ബൈലോ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | നിർദ്ദേശം പരിഗണനയിലുണ്ട്; കുടുംബശ്രീ ബൈലോ ഭേദഗതി അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പ്രാബല്യത്തിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ